കയർവ്യവസായ പുനഃസംഘടനാ പദ്ധതി

628 [195] ശ്രീ. കെ. ടി. കുണാരൻ:
,, എം. കെ. കേശവൻ:
,, പി. കുമാരൻ:
,, കാനം രാജേന്ദ്രൻ:
,, വി. കെ. രാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർവ്യവസായ പുനഃസംഘടനാ പദ്ധതിയനുസരിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ ഈ രംഗത്ത് നടപ്പിലാക്കി;

(ബി) 1986 സാമ്പത്തികവർഷത്തിൽ കയർവ്യവസായത്തിന് മാച്ചിംഗ് ഗ്രാൻറായി എത്രരൂപ കേന്ദ്രത്തിൽനിന്നും കിട്ടി;

(സി) സംസ്ഥാന വിഹിതമായി ഈ ഇനത്തിൽ എത്ര രൂപ നീക്കിവച്ചിട്ടുണ്ട്?

ഉത്തരം

(എ) താഴെപ്പറയുന്ന സ്കീമുകൾ നടപ്പിലാക്കി:

1. പ്രവർത്തനമൂലധനവായ്പ
2. ഓഹരിമൂലധനം
3. മാനേജീരിയൽ സബ്സിഡി
4. പ്രൈസ് ഫ്ളക്ച്ചുവേഷൻ ഫണ്ട്
5. ഗുദാമുകൾ നിർമ്മിക്കുന്നതിനുള്ള ഗ്രാൻറ്
6. ഗുദാമുകൾ നിർമ്മിക്കുന്നതിനുള്ള വായ്പ
7. പലിശ സബ്സിഡി
8. ഭരണച്ചെലവ്
9. കയർസഹകരണവൽക്കരണം.

(ബി) 1985–86 സാമ്പത്തികവർഷത്തിൽ 25.75 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(സി) കേന്ദ്രത്തിൽനിന്നും 50% ധനസഹായം ലഭിക്കുന്ന താഴെ പറയുന്ന സ്കീമുകൾ നടപ്പാക്കുന്നതിന് ഈ സാമ്പത്തികവർഷത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തുകയുടെ വിവരം താഴെ കൊടുക്കുന്നു. ഇതിൽ സംസ്ഥാനവിഹിതവും കേന്ദ്രവിഹിതവും ഉൾപ്പെടുന്നു. കേന്ദ്രവിഹിതം ഒടുവിൽ മടക്കിക്കിട്ടുന്നതാണ്.

1.	വിൽപ്പനശാലകൾ തുറക്കുന്നതിന്	4,00,000
2.	മാനേജീരിയൽ സബ്സിഡി	8,00,000
3.	ഓഹരിമൂലധനസഹായം	20,00,000
4.	റാട്ടും ലൂമും മറ്റുപകരണങ്ങളും വാങ്ങുന്നതിനുള്ള സാമ്പത്തികസഹായം	20,00,000
	സബ്സിഡി	10,00,000
	ആകെ രൂപ	62,00,000
		(62 ലക്ഷം)

LIBRARY ARCHIVES Kerala Legislative Assembly